സംവിധാനം ഉണ്ടാക്കണമെന്നുമാണ് പറഞ്ഞിരിക്കുന്നത്. ആ ശുപാർശ ഗവൺമെന്റ് പരിഗണിച്ചിട്ടുണ്ടോ? എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ശുപാർശ പരിഗണിച്ചെങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. സുധാകരൻ: ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ റിപ്പോർട്ട് ശരിയാണ്. ആ റിപ്പോർട്ടു പ്രകാരം ഗവൺമെന്റിന് പ്രവർത്തിക്കുവാൻ സാധിക്കുമോ എന്ന് കണ്ട് അറിയേണ്ട കാര്യമാണ്. കാരണം ഏറ്റവും കൂടുതൽ ആദിവാസികൾ ഉള്ളത് വയനാട് ജില്ലയിലാണ്. അവർക്ക് അവിടെത്തന്നെ ഭൂമി കൊടുക്കണമെന്നു പറഞ്ഞാൽ അവിടെ ഭൂമി ലഭ്യമല്ല. വയനാട്ടിൽ അവിടുത്തെ ആദിവാസിക്ക് സ്ഥലം കൊടുക്കണമെന്നു പറഞ്ഞാൽ എങ്ങനെ സാധിക്കുമെന്ന് അറിയില്ല. വയനാട് ജില്ലയിലെ ആദിവാസികളെ എത്രമാത്രം അവിടെ താമസിപ്പിക്കുവാൻ സാധിക്കുമോ; അവർക്ക് സ്ഥലം കൊടുക്കുവാൻ സാധിക്കുമോ; അതു ചെയ്യുന്നതാണ്. നിയമസഭ കമ്മിറ്റിയുടെ റിപ്പോർട്ട് നടപ്പിൽ വരുത്താൻ ഗവൺമെന്റ് പരമാവധി ശ്രമിക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ: ചോദ്യം നമ്പർ 318.

പൊതുവിതരണ രംഗത്ത് ഗുണമേന്മയുള്ള സാധനങ്ങൾ ലഭ്യമാക്കുന്നതിന് നടപടി

*2 [318] ശ്രീ. എ. സി. മൊയ്തീൻ:
" മഞ്ഞളാംകുഴി അലി:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:

ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ രംഗത്ത് ഗുണമേന്മയുള്ള സാധനങ്ങൾമാത്രം ലഭ്യമാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) അമിതവിലയും ഗുണനിലവാരമില്ലാത്തതുമായ സാധനങ്ങൾ വിതരണം ചെയ്ത് ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന് പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സർക്കാർ വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് സബ്സിഡി നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ):

സർ,

(എ) ഗുണനിലവാരമുള്ള സാധനങ്ങളാണ് റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നത്. എഫ്.സി.ഐ.-യിൽ നിന്ന് പൊതുവിതരണത്തിനായി ഓരോ ആഴ്ചയിലും വിതരണം നടത്തേണ്ട ഭക്ഷ്യ സാധനങ്ങളുടെ സ്റ്റോക്ക് ബന്ധപ്പെട്ട ജില്ലാ സപ്ലൈ ഓഫീസറും എഫ്.സി.ഐ.-യുടെ പ്രതിനിധിയും സംയുക്തമായി പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയ ശേഷമാണ് വിതരണം നടത്തുന്നത്. കൂടാതെ എഫ്.സി.ഐ.-യിൽ നിന്നും വിതരണം നടത്തുന്ന അരി തന്നെയാണ് റേഷൻ കടകൾ വഴി വിതരണം നടത്തുന്നത് എന്ന് ഉറപ്പുവരുത്തുന്നതിനായി സീൽ ചെയ്ത ഭക്ഷ്യസാധനങ്ങളുടെ സാമ്പിൾ എഫ്.സി.ഐ.-യിൽനിന്നും റേഷൻ മൊത്ത വ്യാപാരികളിൽനിന്നും എടുക്കുകയും വിതരണം നടത്തുന്ന റേഷൻ കടകളിൽ ഇത് പ്രദർശിപ്പിക്കുകയും ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന സിവിൽ സപ്ലൈസ് കോർപ്പറേഷനാകട്ടെ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ട് ഏറ്റവും ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങളാണ് പൊതു വിപണിയേക്കാൾ പത്തു ശതമാനം മുതൽ മുപ്പത് ശതമാനം വരെ വില കുറച്ച് പൊതു വിതരണ രംഗത്ത് വിതരണം ചെയ്യുന്നത്. കോർപ്പറേഷന്റെ സംസ്ഥാനത്തുള്ള വിവിധ ഗോഡൗണുകളിൽ എത്തുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് കോർപ്പറേഷന്റെ ഗുണനിലവാര പരിശോധന വിഭാഗം--ജൂനിയർ മാനേജർമാർ ഉണ്ട്. കൂടാതെ കോർപ്പറേഷന്റെ ഹെഡ് ഓഫീസിൽ ഗുണനിലവാര പരിശോധന വിഭാഗം മാനേജരും നല്ല രീതിയിൽ സജ്ജീകരിച്ചിട്ടുള്ള ഒരു ലബോറട്ടറിയും ഉണ്ട്. ഗോഡൗണുകളിൽ എത്തുന്ന സാധനങ്ങളുടെ സാമ്പിൾ ശാസ്ത്രീയമായി ശേഖരിച്ച് ഗുണനിലവാര പരിശോധന നടത്തി കോർപ്പറേഷൻ അംഗീകരിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ ഉള്ള സാധനങ്ങൾ മാത്രമേ സ്വീകരിക്കാറുള്ളൂ. ഹെഡ് ഓഫീസിലെ ലാബിലും പരിശോധന നടത്താറുണ്ട്. ഗുണനിലവാര പരിശോധന ത്വരിതപ്പെടുത്തുന്നതിനായി എല്ലാ ജില്ലകളിലും ഗുണനിലവാര പരിശോധന വിഭാഗം ജൂനിയർ മാനേജർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറും, അസിസ്റ്റന്റ് ജനറൽ മാനേജരും, ജൂനിയർ മാനേജർ (ക്വാളിറ്റി കൺട്രോൾ)-മാരും, ഗുണനിലവാരം പരിശോധിക്കാറുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) ഉണ്ട്. പൊതു വിപണിയിൽ വില നിയന്ത്രിച്ച് നിലനിർത്തുന്നതിന് പൊതു വിപണിയിലുള്ള വിലയേക്കാൾ പത്തു ശതമാനം മുതൽ മുപ്പതു ശതമാനംവരെ വില കുറച്ചാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ പലചരക്ക് സാധനങ്ങൾ വിതരണം ചെയ്യുന്നത്. അതിനുള്ള ധന സഹായം സർക്കാർ നല്കുന്നുണ്ട്. ഇതിനായി കഴിഞ്ഞ വർഷംവരെ വകയിരുത്തിയിരുന്ന അമ്പതു കോടി രൂപ ഈ വർഷം മുതൽ അറുപതു കോടി രൂപയാക്കിയിട്ടുണ്ട്. ഇതു രണ്ടും ലക്ഷം എന്നാണ് ഇതിൽ എഴുതിയിട്ടുള്ളത്. ആ തെറ്റ് തിരുത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. മൊയ്തീൻ: സർ, പൊതു വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും ന്യായവിലയ്ക്ക് സാധനങ്ങൾ വിതരണം ചെയ്യുന്നതിനും കാലാകാലങ്ങളിൽ സർക്കാർ കോടിക്കണക്കിന് രൂപയുടെ സബ്സിഡി നല്കുന്നുണ്ട്. ഈ സബ്സിഡിയുടെ ഗുണം സാധാരണ ജനങ്ങൾക്ക് പ്രയോജനപ്പെടാതെ, സീസണിൽ സാധനങ്ങൾ സംഭരിക്കാതെ, പിന്നീട് സ്വകാര്യ ഏജൻസികളുടെ കയ്യിലേക്കാണ് ഈ സബ്സിഡിയുടെ ഗുണം പോകുന്നതെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇതു സംബന്ധിച്ച് വിശദമായ ഒരു പഠനംനടത്തി സബ്സിഡിയുടെ ഗുണങ്ങൾ ജനങ്ങൾക്ക് പ്രയോജനപ്പെടാവുന്ന നിലയിൽ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: സബ്സിഡിയുടെ ഗുണഭോക്താക്കളുടെ എണ്ണം ഗവൺമെന്റ് നിശ്ചയിച്ചതിനേക്കാൾ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ച് കൂടുതലാണ്. ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് സ്വീകരിച്ച നടപടികളെ കുറിച്ചാണ് ഇവിടെ സൂചിപ്പിച്ചത്. എഫ്.സി.ഐ.-യിൽ നിന്നും എടുക്കുന്ന അരി, മെച്ചപ്പെട്ട അരി തന്നെയായിരിക്കണമെന്ന് നിഷ്കർഷിക്കുന്നതു കൊണ്ടാണ് എഫ്.സി.ഐ.-യുടെ പ്രവർത്തകരും സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഡിപ്പാർട്ടുമെന്റ് പ്രതിനിധിയും ഇത് പരിശോധിക്കുന്നത്. കോർപ്പറേഷനിൽ വാങ്ങുന്ന സാധനങ്ങൾക്കും ഗുണ നിലവാരം ഉറപ്പു വരുത്തുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ പരാതികൾ ഉണ്ടായാൽ നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാണ്. റേഷൻ കടകളുടെ കാര്യത്തിലായാലും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കാര്യത്തിലായാലും ഏതെങ്കിലും പരാതികൾ ചൂണ്ടി കാണിച്ചാൽ അത് പരിശോധിക്കാം. ഇക്കാര്യത്തെ കുറിച്ച് മെമ്പർ ഉന്നയിച്ച ആ നിർദ്ദേശം ഗൗരവമായി പരിഗണിക്കുന്നതാണ്.

ശ്രീ. എ. സി. മൊയ്തീൻ: ഞാൻ സബ്സിഡിയുടെ കാര്യമാണ് ചോദിച്ചത്. അതിനല്ല മറുപടി ഉണ്ടായത്.

ശ്രീ. എം. എം. ഹസ്സൻ: സബ്സിഡൈസ് ചെയ്ത സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ വഴി പത്തു ശതമാനം മുതൽ മുപ്പതു ശതമാനം വരെ വില കുറച്ചാണ് അയക്കുന്നത്. ഇങ്ങനെയാണ് സബ്സിഡി വാങ്ങുന്നത്.

ശ്രീ. എ. സി. മൊയ്തീൻ: ഗുണ നിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനത്തെ കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഇന്ന് നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ സാധനങ്ങൾ വാങ്ങുന്നതിന് ടെൻഡർ സ്വീകരിച്ചു കഴിഞ്ഞാൽ, ഗുണനിലവാരം പരിശോധിക്കുന്നതിനു വേണ്ടി എല്ലാ തട്ടിലുമുള്ള പരിശോധനയ്ക്കു പുറമെ വിജിലൻസ് വിഭാഗത്തെ കൂടി പരിശോധനയ്ക്ക് ചുമതലപ്പെടുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: ആലോചിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പൊതു വിതരണ രംഗത്ത് ഗുണനിലവാരമുള്ള സാധനങ്ങൾ ലഭ്യമാക്കുന്നതിന് ഇന്ന് സ്വീകരിച്ചിട്ടുള്ള ടെൻഡർ സംവിധാനം എന്താണ്; ടെൻഡർ വ്യവസ്ഥയിൽ 2002-ൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയത്; മാറ്റം വരുത്താനുള്ള കാരണമെന്താണ്?

ശ്രീ. എം. എം. ഹസ്സൻ: നിലവിലുള്ള സംവിധാനമനുസരിച്ച് ഇതിന് ടെൻഡർ വിളിച്ച് ഗുണനിലവാരം ഉറപ്പു വരുത്തി, ടെൻഡറിന്റെ അടിസ്ഥാനത്തിൽ സർക്കാർ ചട്ടങ്ങളും നടപടിക്രമങ്ങളും അനുസരിച്ചാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സാധനങ്ങൾ വാങ്ങുന്നത്. അത് അല്ലാതെ അതിൽനിന്ന് വ്യത്യസ്തമായി ഏതെങ്കിലും കാര്യത്തിൽ പരാതിയോ ആരെങ്കിലും പ്രത്യേകമായിട്ടുള്ള ആക്ഷേപമോ ഉന്നയിച്ചാൽ അതിനെ കുറിച്ച് അന്വേഷണം നടത്തുന്നതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: കേരളത്തിന് ദേശീയ തലത്തിൽ ഒട്ടേറെ പ്രശംസ നേടിത്തന്ന റേഷനിംഗ് സമ്പ്രദായം ഇന്ന് തകർച്ച നേരിടുകയാണ്. സത്യസന്ധമായി റേഷൻകട നടത്തി ബ്ളേഡുകളുടെ കയ്യിലകപ്പെട്ട് കടംകയറി ആത്മഹത്യ ചെയ്യുന്നവർ ധാരാളമുണ്ട്. അങ്ങ് കെ.എസ്.എഫ്.ഡി.സി.-യുടെ മന്ത്രി ആയതുകൊണ്ടു കൂടി പറയുകയാണ്. അതുപോലുള്ള ഒരു സംഭവ കഥയുടെ അടിസ്ഥാനത്തിൽ ഒരു സിനിമ ഇപ്പോൾ ചിത്രീകരിച്ചുക്കൊണ്ടിരിക്കുന്നുണ്ട്. റേഷൻകട നടത്തി ആത്മഹത്യ ചെയ്തവരുടെ എണ്ണം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ആത്മഹത്യയുടെ വക്കിൽ എത്തി നില്ക്കുന്ന സത്യസന്ധരായ റേഷൻ കടക്കാരെ സഹായിക്കുവാൻ ഗവൺമെന്റ് പ്രത്യേക പരിപാടികൾ എന്തെങ്കിലും തയ്യാറാക്കിയിട്ടുണ്ടോ?

ശ്രീ. എം. എം. ഹസ്സൻ: റേഷൻ കടക്കാർക്ക്, പ്രത്യേകമായിട്ട് വ്യാപാരികൾക്ക് നല്കുന്ന പെൻഷൻ കൊടുക്കുന്നുണ്ട്. ഇത് നൂറ്റിയമ്പതു രൂപയിൽനിന്ന് അഞ്ഞൂറു രൂപയായി 2003 ഏപ്രിൽ മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ പൊതു വിതരണ സമ്പ്രദായത്തിൽ ഉണ്ടായിട്ടുള്ള കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് അനുസരിച്ചാണ് ഇവിടെ മാറ്റങ്ങൾ വന്നിട്ടുള്ളത്, മൊത്തത്തിലുണ്ടായ തകർച്ചക്കു കാരണവും അതാണ്. അതിന്റെ ഫലമായി റേഷൻകടകളുടെ പ്രസക്തി കുറഞ്ഞിട്ടുണ്ട്. അത് പരിഹരിക്കുന്നതിന് ഗവൺമെന്റിന് പരിമിതികളുണ്ട്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഉല്പാദന കേന്ദ്രങ്ങളിൽനിന്നും നേരിട്ട് സാധനങ്ങൾ വാങ്ങിക്കാതെ ഏജൻസികൾ മുഖാന്തിരം സാധനങ്ങൾ വാങ്ങുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഏതെല്ലാം ഏജൻസികളിൽ നിന്നാണ് സാധനം വാങ്ങിച്ചതെന്ന് വ്യക്തമാക്കാമോ? സ്പൈസസ് ട്രേഡിംഗ് കോർപ്പറേഷനിൽ നിന്നും സാധനങ്ങൾ വാങ്ങിയിട്ടുണ്ടോ?

ശ്രീ. എം. എം. ഹസ്സൻ: പ്രത്യേകമായിട്ട് നോട്ടീസ് ആവശ്യമാണ് എവിടെനിന്നൊക്കെയാണ് വാങ്ങിയത്; എന്തൊക്കെയാണ് നടപടിക്രമം, ഇതിന് പ്രത്യേകം നോട്ടീസ് വേണം.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സ്വകാര്യ ഏജൻസികളിൽ നിന്നും വാങ്ങിയിട്ടുണ്ടോ എന്നു പറയാമല്ലോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: അതിനെ കുറിച്ച് വിശദമായ വിവരം ആവശ്യമാണ്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: പൊതു വിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ വില നിശ്ചയിക്കുന്നതിനും അലോക്കേഷൻ നടത്തുന്നതിനും മുൻ ബി.ജെ.പി. ഗവൺമെന്റ് എന്തെല്ലാം നയ വ്യതിയാനങ്ങളാണ് വരുത്തിയത് എന്നും അതു തന്നെയാണോ ഇപ്പോൾ തുടരുന്നതെന്നും വ്യക്തമാക്കാമോ? അല്ലെങ്കിൽ മാറ്റം വരുത്തുന്നതിനു വേണ്ടി എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ശ്രീ. എം. എം. ഹസ്സൻ: മുൻ ഗവൺമെന്റ് ഇക്കാര്യത്തിലെടുത്ത തീരുമാനത്തിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്തെ പൊതു വിതരണ സമ്പ്രദായത്തിനെ പ്രതികൂലമായി അത് ബാധിച്ചിട്ടുണ്ട് എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. പുതിയ ഗവൺമെന്റ് ഇക്കാര്യത്തിൽ നയപരമായി വ്യതിയാനം വരുത്തുമെന്നാണ് നമ്മൾ പ്രതീക്ഷിക്കുന്നത്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: അഞ്ചെട്ട് മാസം മുമ്പ് ഇൻഡ്യയിൽ നിന്നും യൂറോപ്യൻ യൂണിയനിലേക്ക് അയച്ച ടൺ കണക്കിന് മുളക് പൊടി ഈ രാജ്യത്തേക്ക് തന്നെ തിരിച്ചു വന്നു. സുഡാൻ-മൂന്ന് എന്ന മാരക വിഷം അടങ്ങിയിട്ടുണ്ടെന്നു പരിശോധനയിൽ തെളിഞ്ഞു. ചെറുപയർ പരിപ്പുപോലുള്ള സാധനങ്ങളുടെ നിറം കൂട്ടാൻ കെമിക്കൽ വലിയ തോതിൽ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. സാധനങ്ങളുടെ വിപണനത്തിന്റെ വ്യത്യസ്ത ഘട്ടത്തിൽ കർശനമായ പരിശോധന നടത്തിയെങ്കിൽ മാത്രമേ ഈ മായം ചേർക്കൽ കണ്ടെത്താനും ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കാനും കഴിയുകയുള്ളൂ. ഇക്കാര്യം മുൻനിർത്തി ഗുണനിലവാരമുള്ള സാധനങ്ങൾ ജനങ്ങൾക്ക് ലഭിക്കുമെന്ന് ഉറപ്പു വരുത്താൻ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നത് കണ്ടുപിടിക്കാനും തടയാനും നമുക്ക് ഫുഡ് ഇൻസ്പെക്ടറെ നിയോഗിച്ചിട്ടുള്ളത് ആരോഗ്യ വകുപ്പിന്റെ കീഴിലാണ്. അവരാണ് അത് കണ്ടുപിടിക്കുന്നതും അതിന് നടപടി സ്വീകരിക്കുന്നതും. സിവിൽ സപ്ലൈസ് കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ഒരു ലബോറട്ടറി അവർ സ്ഥാപിച്ചിട്ടുണ്ട്. അതിനെക്കുറിച്ച് വിശദമായ പരിശോധനയും നിഷ്ക്കർഷതയും പാലിച്ചുകൊണ്ട് ഇതിന്റെ ഗുണനിലവാരം ഉറപ്പു വരുത്തിയതിനുശേഷമാണ് ഔട്ട്ലെറ്റുകളിലൂടെ ഇത് വിതരണത്തിന് കൊടുത്തത്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: മായം ചേർക്കലിന്റെ ഫലമായി ഗുണനിലവാരം ഇല്ലാത്ത സാധനങ്ങൾ ഉപയോഗിക്കേണ്ടി വരികയാണ്. അത് വളരെ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ നമ്മുടെ സമൂഹത്തിൽ ഉയർത്തുകയാണ് ചെയ്യുന്നത്. ഇവിടെ ഗവൺമെന്റിന്റെ പരിഗണനയ്ക്കു വരുന്ന വളരെ പ്രധാനപ്പെട്ട ചില പ്രശ്നങ്ങളുണ്ട്. മായം, അളവ്, തൂക്കം, നികുതി ഇതെല്ലാം ഈ മേഖലയെ ബാധിച്ചിരിക്കുകയാണ്. ഇത് മൂന്ന് വകുപ്പുകളാണ് കൈകാര്യം ചെയ്യുന്നത്. ഭക്ഷ്യ വകുപ്പ്, ആരോഗ്യ വകുപ്പ്,

റവന്യൂ വകുപ്പ്. ഈയിടെ ഭക്ഷ്യ വകുപ്പുമന്ത്രിയുടെ ഒരു വിശദീകരണം വരെ ഉണ്ടായി. ഈ വകുപ്പുകൾ തമ്മിലുള്ള തർക്കം, ഈഗോ ആയി മാറിയിരിക്കുകയാണ്. പിന്നെ ഉദ്യോഗസ്ഥൻമാർ തമ്മിലുള്ള തർക്കങ്ങൾ. ഇതെല്ലാം കണക്കിലെടുത്ത് ജനങ്ങളുടെ താൽപ്പര്യത്തെ പരിഗണിച്ചുകൊണ്ട് ഭക്ഷ്യ, ആരോഗ്യ, റവന്യൂ വകുപ്പുകൾ ഏകീകരിപ്പിച്ച് സംയോജിപ്പിച്ചുകൊണ്ട് ഭക്ഷ്യ വകുപ്പുമന്ത്രിയുടെ മേൽനോട്ടത്തിൽ ഒരു പ്രത്യേക സെൽ ഈ രംഗത്ത് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: നിർദ്ദേശങ്ങളെല്ലാം വളരെ നല്ലതാണ്. അടുത്ത കാലത്ത് ആരോഗ്യ വകുപ്പുമന്ത്രി ഭക്ഷ്യവസ്തുക്കളിൽ വിഷാംശം കലരുന്നതിനെ സംബന്ധിച്ച് വിശദമായിട്ട് പൊതുജന മധ്യത്തിൽ പറയുകയുണ്ടായി. വളരെ ഗൗരവമേറിയ പ്രശ്നമാണ്. ഭക്ഷ്യവസ്തുക്കളിലും അതുപോലെ തന്നെ പഴവർഗ്ഗങ്ങളിലും ഒക്കെത്തന്നെ വിഷാംശം കലരുന്നതിനെ സംബന്ധിച്ച് ഗൗരവമായിട്ടുള്ള അന്വേഷണവും അതിനാവശ്യമായിട്ടുള്ള പ്രവർത്തനവും ആവശ്യമായിരിക്കുന്ന ഒരു ഘട്ടമാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഈ മൂന്നു വകുപ്പുകളുടേയും പ്രവർത്തനം ക്രോഡീകരിച്ചുകൊണ്ട് വലിയ സാമൂഹിക പ്രശ്നമായി ഈ പ്രശ്നം കൈകാര്യം ചെയ്യുന്നതിനുള്ള നടപടികൾ ആവശ്യമാണ്. ഇത് ആലോചിക്കാവുന്നതാണ്.

ശ്രീ. ഇസ്ഹാക് കുരിക്കൾ: ഹോൾസെയിൽകാർ എഫ്.സി.ഐ. ഗോഡൗണുകളിൽ ചെന്നാൽ വേണ്ട സന്ദർഭത്തിൽ വേണ്ട സമയത്ത് എഫ്.സി.ഐ.-യിൽ നിന്ന് അരി കിട്ടുന്നില്ല എന്നുള്ളതിനെക്കുറിച്ച് നേരിട്ട് ഞാൻ സപ്ലൈ ഓഫീസർക്ക് പരാതി നൽകിയിട്ടുണ്ട്. എന്തുകൊണ്ടാണ് എഫ്.സി.ഐ.-യിൽ നിന്ന് യഥാസമയം അരി കിട്ടാത്തതെന്നകാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടോ?

ശ്രീ. എം. എം. ഹസ്സൻ: അരി കിട്ടാത്തതിനെക്കുറിച്ചുള്ള പരാതി പ്രത്യേകിച്ച് ഈയടുത്ത കാലത്ത് ഉണ്ടായിട്ടില്ല. ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. എഫ്.സി.ഐ.-യുടെ പ്രതിനിധിയും, സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിന്റെ പ്രതിനിധിയും ഇക്കാര്യത്തിൽ സംയുക്തമായി പ്രവർത്തിക്കാനാണ് ഇപ്പോൾ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. ഇത്തരം പരാതികൾ സമയത്തിന് കിട്ടുന്നില്ല എന്നുള്ള പരാതികൾ ഉണ്ടാകുന്നുണ്ട്. അത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: അങ്ങ് മറുപടി പറഞ്ഞപ്പോൾ അരിയുടേയും, ഭക്ഷ്യ സാധനങ്ങളുടേയും ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് ഗവൺമെന്റ് പരമാവധി ശ്രമിച്ചിട്ടുണ്ട് എന്ന് പറയുകയുണ്ടായി. എന്റെ അനുഭവത്തിൽ ഉച്ചക്കഞ്ഞിക്കുള്ള അരിയിൽ വൻതോതിൽ പുഴുക്കളും, കീടങ്ങളും ഉണ്ടെന്ന് പരാതി എനിക്ക് ലഭിക്കുകയുണ്ടായി. വെള്ളൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്ക്കൂളിൽ നിന്ന് പി.ടി.എ.-യുടെ ഒരു കത്ത് എനിക്ക് ലഭിക്കുകയുണ്ടായി. ബന്ധപ്പെട്ട ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. കാർത്തികേയനോട് ഈ വിവരം പറയുകയും ചെയ്തിട്ടുണ്ടായിരുന്നു. അത് പരിഹരിക്കാം എന്ന് പറയുകയും ചെയ്തു.

കേന്ദ്ര ഗവൺമെന്റിന്റെ ബഡ്ജറ്റിൽ അന്ത്യോദയ പദ്ധതിയുടെ ആനുകൂല്യം കൂടുതൽ പാവപ്പെട്ടവർക്ക് ലഭ്യമാക്കുന്നതിനുവേണ്ട തീരുമാനം എടുത്തിട്ടുണ്ടെന്ന് മനസ്സിലാക്കുവാൻ സാധിച്ചു. കേരളത്തിൽ ബി.പി.എൽ. ഫാമിലിയുടെ എണ്ണം അങ്ങയുടെ ഗവൺമെന്റ് വന്നതിനുശേഷം കുറയുന്ന സമീപനമാണ് എടുത്തത്. കേന്ദ്ര ഗവൺമെന്റിന്റെ ആനുകൂല്യം കൂടുതൽ ദരിദ്ര ജനവിഭാഗങ്ങൾക്ക് കൊടുക്കാൻവേണ്ടി തീരുമാനിക്കുന്ന സന്ദർഭത്തിൽ കൂടുതൽ പാവപ്പെട്ടവർക്ക് കിട്ടാനാവുന്ന വിധത്തിൽ എന്ത് നടപടിയാണ് അങ്ങ് സ്വീകരിച്ചത്?

ശ്രീ. എം. എം. ഹസ്സൻ: അന്ത്യോദയ അന്നയോജന പദ്ധതിയിൽ 3,57,547 കുടുംബങ്ങൾക്ക്—പാവപ്പെട്ടവരിൽ പാവപ്പെട്ടവർക്ക് നമ്മൾ ഇവിടെ ഗുണഭോക്താക്കളായി സഹായം കൊടുത്തിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ ലക്ഷ്യം നമുക്കിവിടെ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. 65 വയസ്സിനു മുകളിൽ പ്രായമുള്ളവരും അഗതികളുമായ വ്യക്തികൾക്ക് പ്രതിമാസം പത്തു കിലോ അരി സൗജന്യമായി നൽകുന്ന പദ്ധതിയാണ് അന്നപൂർണ്ണ പദ്ധതി. അതിൽ 46,025 ആളുകൾക്ക് റേഷൻ നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ടാർജറ്റ് പൂർണ്ണമായി പാലിക്കാൻ നമുക്ക് സാധിച്ചിട്ടില്ല.

ശ്രീ. കെ. അച്ചുതൻ: പൊതുവിതരണ രംഗത്തെ ഗുണനില വാരമുള്ള സാധനങ്ങൾ സപ്ലൈ ചെയ്യുന്ന ലാഭം സ്റ്റോറിൽ, ഈ അടുത്ത ദിവസമാണ് തിട്ടമംഗലത്ത് ഒരു ലാഭം സ്റ്റോർ തുടങ്ങിയത്. കാലത്ത് തുടങ്ങിയാൽ പൂട്ടുന്നതുവരേയും ആളുകളുടെ ക്യൂവാണ്. സാധനങ്ങളെല്ലാം നേരിട്ട് അവർ തന്നെ പോയി എടുക്കുകയാണ്. ഈ ബില്ലിടുന്നതിന് ഒരു മണിക്കൂറിൽ കൂടുതൽ സമയം വെറുതെ നിൽക്കേണ്ടിവരുന്നു. കാൽക്കുലേറ്റർ ഉപയോഗിച്ചാണ് ഇപ്പോൾ ചെയ്തുവരുന്നത്. ഏറ്റവും കൂടുതൽ കച്ചവടം നടക്കുന്ന ലാഭം സ്റ്റോറുകളിൽ ഒരു കംപ്യൂട്ടർ വാങ്ങിക്കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: പരിഗണിക്കാവുന്നതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: ഒരു നയപരമായ കാര്യമാണ് ചോദിക്കുന്നത്. അരിയുടേയും ഭക്ഷ്യ വസ്തുക്കളുടേയും മൊത്ത വിതരണവുമായി ബന്ധപ്പെട്ട് സിവിൽ സപ്ലൈസ് കോർപ്പറേഷനാണ് പ്രധാനമായും പങ്ക് വഹിക്കുന്നത്. ഒരു ജില്ലയ്ക്ക് ഏറ്റവും ചുരുങ്ങിയത് ഒരു മൊത്തവ്യാപാര കേന്ദ്രമെങ്കിലും സിവിൽ സപ്ലൈസ് കോർപ്പറേഷൻ നേരിട്ട് നടത്തണമെന്നുള്ളത് ഗവൺമെന്റിന്റെ തീരുമാനമാണെന്നുള്ളത് സഭയിൽ പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. അടുത്തകാലത്ത് സിവിൽസപ്ലൈസ് കോർപ്പറേഷൻ നടത്തുന്ന മൊത്ത വിതരണ കേന്ദ്രങ്ങൾ പലതും സ്വകാര്യവൽക്കരിച്ചിട്ടുണ്ട്. എത്ര സ്ഥലങ്ങളിൽ ആ രീതിയിൽ സ്വകാര്യവൽക്കരിച്ചിട്ടുണ്ട്, തൃശ്ശൂരിൽ മൊത്ത വിതരണത്തിൽനിന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ പിൻവാങ്ങാനുണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. എം. എം. ഹസ്സൻ: ഇക്കാര്യത്തെക്കുറിച്ച് പ്രത്യേക നോട്ടീസ് വേണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തമ്പാനൂർ രവി: ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കൽ പല സ്ഥലത്തും കൂടുകയാണ്. വിവിധ വൃഞ്ജനപ്പൊടികൾ, അരി, പയറുവർഗ്ഗങ്ങൾ തുടങ്ങി ഗവൺമെന്റ് ലാഭം സ്റ്റോറിലും, മാവേലി സ്റ്റോറിലും കൂടി വിതരണം ചെയ്യുന്ന സാധനങ്ങളിലെങ്കിലും മായം ചേർത്താൽ കർശനമായ നിയന്ത്രണ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: ഇവിടെ സൂചിപ്പിച്ചു, മാവേലി-ലാഭം സ്റ്റോറുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് അതിന്റെ ഗുണമേൻമ ഉറപ്പു വരുത്തിയശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏർപ്പെടുത്തിയിട്ടുള്ള ലബോറട്ടറി സൗകര്യങ്ങളും മറ്റും പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നുണ്ട്. ഇക്കാര്യത്തിൽ അപ്പപ്പോൾ ഉണ്ടാകുന്ന ഒറ്റപ്പെട്ട പരാതി വളരെ കാര്യമായിത്തന്നെ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനങ്ങളും നിലവിലുണ്ട്.

ശ്രീ. മത്തായി ചാക്കോ: ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ ഗോഡൗണുകളിൽനിന്ന് റേഷൻ മൊത്ത വ്യാപാര കേന്ദ്രത്തിലേക്ക് അരിയും ഗോതമ്പും കൊണ്ടുപോകുന്നുണ്ട്. വിശേഷിച്ചും ഗോതമ്പിന്റെ കാര്യത്തിൽ എഫ്.സി.ഐ. എടുക്കുന്ന ഗോതമ്പ് പല സ്ഥലത്തും സ്വകാര്യ മില്ലുകളിലേക്ക് കടത്തിക്കൊണ്ടു പോകുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? കോഴിക്കോട് വെസ്റ്റേൺ എഫ്.സി.ഐ.-ലെ ഡിപ്പോയിൽ നിന്ന് ഇത്തരത്തിൽ മൊത്തവ്യാപാര കേന്ദ്രത്തിലേക്ക് കൊണ്ടുപോയി അവിടെ ഗോതമ്പ് പൊടിക്കുന്ന ചില മില്ലുകളിലേക്ക് കടത്തിക്കൊണ്ടു പോയ ഒരു കേസ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇതിനെ സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം ഗവൺമെന്റ് നടത്തിയിട്ടുണ്ടോ?

ശ്രീ. എം. എം. ഹസ്സൻ: ഇത് പ്രത്യേകമായിട്ട് ചോദിക്കേണ്ടതാണ്. ഗവൺമെന്റിന്റെ മുൻപിൽ വരുന്ന ഇത്തരം പരാതികളിൽ ഗവൺമെന്റ് അന്വേഷണം നടത്തി കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ചോദ്യം നമ്പർ 319.

ശബരിമലയിലെ വികസന പ്രവർത്തനങ്ങൾ

*3 [319] ശ്രീ. ഇസ്ഹാക് കുരിക്കൾ:
,, യു. സി. രാമൻ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, ടി. പി. എം. സാഹിർ:
,, കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശബരിമലയിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിയത്;

(ബി) വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനെക്കുറിച്ചാലോചിക്കാൻ സമിതിയുണ്ടോ:

(സി) എങ്കിൽ ആരെല്ലാമാണ് അംഗങ്ങൾ; ഈ സമിതി എത്ര പ്രാവശ്യം യോഗം ചേർന്നിട്ടുണ്ടെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly